ഭരണഭാഷ - മാതൃഭാഷ

ICDS/B4/3215/2016(1)

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 31/12/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശുവികസന ഡയറക്ടർ.
തിരുവനന്തപുരം.

എല്ലാ കീഴ്ക്കാര്യാലയങ്ങൾക്കും

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - അങ്കണവാടി ജീവനക്കാര്യം - അങ്കണവാടി ജീവനക്കാരുടെ നിയമനം സംബന്ധിച്ച കേസ്സുകൾ - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ - അധികാര പരിധി നിശ്ചയിച്ചത് - സംബന്ധിച്ച്.

സൂചന : ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ന്റെ OA. 2596 & 2598/2019 കേസുകളിൽ മേലുള്ള 20.10.2021 ലെ വിധിന്യായം.

അങ്കണവാടി പ്രവർത്തകരുടെ നിയമനം സംബന്ധിച്ച കാര്യങ്ങളിൽ ഒട്ടേറെ കേസുകൾ ബഹു. KAT മുമ്പാകെ ഫയൽ ചെയ്യപ്പെടാറുണ്ട്. അത്തരം കേസുകളിൽ ബഹു. KAT വിധിന്യായം പുറപ്പെട്ടുവിക്കുകയും ആയതിൻ മേൽ നടപടികൾ സ്വീകരിക്കേണ്ടതായും വന്നിട്ടുണ്ട്. എന്നാൽ സൂചനയിലെ ബഹു. KAT ന്റെ 2598/2019, 2596/2019 എന്നീ OA കളിൻമേലുള്ള 20.10.2021 തിയതിയിലെ വിധിന്യായത്തിൽ അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ബഹു. KAT ന്റെ പരിധിയിൽ വരുന്നതല്ലായെന്ന് ബഹു. സുപ്രീം കോടതിയുടെ 2007 KHC 3158 കേസിലും ബഹു. ഹൈക്കോടതിയിലെ WP(C) 38244/2016 ലേയും വിധികൾ ഉച്ചരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

"These original applications concern the appointment to the post of Anganwadi Workers And Helpers which, it is noted, does not fall within the jurisdiction of this tribunal in the light of the decision of the Hon. Supreme Court in State of Karnataka V Ameer Bhi and others, 2007 KHC 3158 and

the decision of Hon. High in W.P(C) 38244/2016 dated 07.03.2019.
In view of the above, the applicants are permitted to move the appropriate forum. It will be open to the applicants to explain the delay in so far as they were bonafidely contesting the matter before this Tribunal."

മേൽ കാര്യം എല്ലാ നിയമന അധികാരികളേയും അറിയിക്കുന്നതോടൊപ്പം ഭാവിയിൽ അങ്കണവാടി പ്രവർത്തകർ ബഹു. KAT മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ ഇക്കാര്യം ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർ മാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി